HIGHER SECONDARY (VOCATIONAL)

# ADMISSION 2025-26

## പ്രോസ്‌പെക്ടസ്

പൊതുവിദ്യാഭ്യാസവകുപ്പ്

കേരള സർക്കാർ

കേരള സർക്കാർ

2025-2026

**സ.ഉ (സാധാ) നം.3231/2025/പൊ.വി.വ** **തീയതി, തിരുവനന്തപുരം, 09-05-2025**

# ഹയർസെക്കന്ററി (വൊക്കേഷണൽ)
# ഏകജാലക പ്രവേശനം

**പൊതുവിദ്യാഭ്യാസവകുപ്പ്**

## ഉള്ളടക്കം


| | | | |
|---|---|---|---|
| | ആമുഖം | ... | 1 |
| | ലക്ഷ്യം | ... | 1 |
| | ഉദ്ദേശ്യം | ... | 1 |
| 1. | ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകളും സീറ്റുകളും | ... | 2 |
| 2. | ഹയർസെക്കണ്ടറി (വൊക്കേഷണൽ) കോഴ്സുകൾ | ... | 2 |
| 3. | കോഴ്സ്ദൈർഘ്യവും ഘടനയും | ... | 4 |
| 4. | പഠന മാധ്യമം | ... | 4 |
| 5. | പ്രവേശനയോഗ്യത | ... | 4 |
| 6. | വയസ് | ... | 5 |
| 7. | സീറ്റ് സംവരണം | ... | 5 |
| 8. | മറ്റു പരിഗണനകൾ | ... | 6 |
| 9. | അപേക്ഷാ ഫോറം | ... | 6 |
| 10. | സ്പെഷ്യൽ സ്കൂൾ (ഡെഫ് സ്കൂൾ) പ്രവേശനം | ... | 7 |
| 11. | വിഭിന്നശേഷി വിഭാഗത്തിലെ കുട്ടികളുടെ പ്രവേശനം | ... | 7 |
| 12. | മാനേജ്മെന്റ് സീറ്റുകൾ | ... | 7 |
| 13. | ഏകജാലക സംവിധാനപ്രകാരം അപേക്ഷ സമർപ്പിക്കുന്ന വിധം | ... | 7 |
| 13.1. | അപേക്ഷയൊടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | ... | 7 |
| 14. | ഹെൽപ്പ് ഡെസ്ക്ക് | ... | 8 |
| 15. | അപേക്ഷാ വിവരങ്ങൾ പരിശോധിക്കൽ | ... | 8 |
| 16. | അലോട്ട്മെന്റ് പ്രക്രിയ | ... | 8 |
| 16.1. | ട്രയൽ അലോട്ട്മെന്റ് | ... | 8 |
| 16.2. | മുഖ്യ അലോട്ട്മെന്റുകൾ | ... | 8 |
| 17. | സ്ഥിര പ്രവേശനം / താൽക്കാലിക പ്രവേശനം | ... | 9 |
| 17.1. | സ്ഥിര പ്രവേശനം | ... | 9 |
| 17.2. | താൽക്കാലിക പ്രവേശനം | ... | 9 |
| 18. | സ്കൂൾ/കോഴ്സ് മാറ്റം | ... | 10 |
| 19. | സപ്ലിമെന്ററി അലോട്ട്മെന്റ് | ... | 10 |
| 20. | വെയിറ്റേജ് | ... | 10 |
| 21. | ബാച്ചും എണ്ണവും | ... | 12 |
| 22. | ഫീസ് ഘടന | ... | 12 |
| 23. | അച്ചടക്കം | ... | 13 |
| 24. | സാമ്പത്തികസഹായം/സ്കോളർഷിപ്പ് | ... | 14 |
| 25. | പുനഃപ്രവേശനം | ... | 14 |
| 26. | പൊതുപരീക്ഷ | ... | 14 |
| 27. | വിഭിന്നശേഷിയുള്ളവർക്കുള്ള ഇളവുകൾ | ... | 14 |
| 28. | പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ... | 14 |
| 28.1 | ഓൺ ദി ജോബ് ട്രെയിനിംഗ് | ... | 14 |
| 28.2. | സ്കിൽ എക്സ്പോ | ... | 14 |
| 28.3. | നാഷണൽ സർവ്വീസ് സ്കീം | ... | 14 |
| 28.4. | കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ | ... | 15 |
| 29. | ഭരണസംവിധാനം | ... | 15 |
| 30. | മറ്റ് വിവരങ്ങൾ | ... | 15 |


## അനുബന്ധം


| | | | |
|---|---|---|---|
| 1. | സ്കൂൾ, കോഴ്സ്, ഫോൺ നമ്പർ, ഇ–മെയിൽ വിവരങ്ങൾ | ... | 16 |
| 2. | ജില്ലാ, താലൂക്ക്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ | ... | 29 |
| 3. | സംവരണാനുകൂല്യമുള്ള സമുദായങ്ങളുടെ പട്ടിക | ... | 42 |
| 4. | റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ പട്ടിക | ... | 45 |

## ആമുഖം

എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷ പാസാകുന്ന വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി പഠനത്തോടൊപ്പം അഭിരുചിക്കനുസരിച്ചുള്ള ഒരു തൊഴിൽ മേഖല തിരഞ്ഞെടുക്കുന്നതിനും പരിശീലനം നേടുന്നതിനും സ്കിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനും ഹയർ സെക്കണ്ടറി (വൊക്കേഷണൽ) കോഴ്സുകൾ അവസരമൊരുക്കുന്നു. പഠിതാവിന് അക്കാദമിക പഠനത്തിൽ നിന്ന് സാങ്കേതിക നൈപുണി പഠനത്തിലേക്കും തിരിച്ചും പോകാൻ കഴിയുന്നതരത്തിൽ ഉപരിപഠനസാധ്യതകളും ഉറപ്പാക്കുന്നുണ്ട്.

2020-21 അദ്ധ്യയന വർഷം മുതൽ കേരളത്തിലെ എല്ലാ ഹയർ സെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകളിലും ദേശീയ നൈപുണ്യ വികസന ചട്ടക്കൂട് (എൻ.എസ്.ക്യു.എഫ് ) പദ്ധതി പ്രകാരമുള്ള ജോബ് റോളുകളാണ് തൊഴിലധിഷ്ഠിത വിഷയമായി പരിശീലിപ്പിക്കുന്നത്. ഇവ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ദേശീയാംഗീകാരമുള്ള എൻ.എസ്.ക്യു.എഫ് തൊഴിൽ/സ്കിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

സംസ്ഥാനത്തെ എല്ലാ ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകളിലും ഏകജാലകസംവിധാനത്തിലൂടെയാണ് പ്രവേശന പ്രക്രിയ നടക്കുന്നത്. ഒന്നാംവർഷ പ്രവേശനം സംബന്ധിച്ച പൊതുവിവരങ്ങളും നിയമങ്ങളും പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ലക്ഷ്യം

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ സാങ്കേതിക പരിജ്ഞാനം ലഭിച്ച തൊഴിൽ ശക്തിയെ വാർത്തെടുത്ത്, രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വികസനത്തെ ത്വരിതപ്പെടുത്തുക.

## ഉദ്ദേശ്യം

- സാമൂഹിക സുരക്ഷിതത്വവും സമൂഹത്തിന്റെ വളർച്ചയും ഉറപ്പുവരുത്താനുതകുന്ന തൊഴിൽ ശക്തിയെ പ്രദാനം ചെയ്യുക.
- ആനുകാലിക പ്രസക്തിയുള്ള വൊക്കേഷണൽ കോഴ്സുകൾക്ക് രൂപം നൽകുക.
- മാറുന്ന പ്രവണതക്കനുയോജ്യമാം വിധം പാഠ്യപദ്ധതി പരിഷ്ക്കരിക്കുക.
- വിവിധ വകുപ്പുകളിൽ നിയമനം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ഹയർസെക്കണ്ടറി (വൊക്കേഷണൽ) വിദ്യാർത്ഥികൾക്കുകൂടി അവസരം ലഭിക്കത്തക്കവിധം പരിഷ്ക്കരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുക.
- അദ്ധ്യാപകരും വിദ്യാർത്ഥികളും ആർജ്ജിച്ച മികവുകൾ സമൂഹ നന്മക്കും വികസനത്തിനും പ്രയോജനപ്പെടുത്തുക.
- സാങ്കേതിക രംഗത്ത് രാഷ്ട്രം കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും ഹയർസെക്കണ്ടറി (വൊക്കേഷണൽ) കോഴ്സുകളുടെ മേന്മയെക്കുറിച്ചും സമൂഹം അറിയുന്നതിനനുയോജ്യമായ വിധത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

## 1. ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകളും സീറ്റുകളും

സംസ്ഥാനത്തൊട്ടാകെയുള്ള 389 ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകളിൽ സ്പോർട്സ് സ്കൂളുകളിലെ ജനറൽ ഫിറ്റ്നസ് ട്രെയിനർ ഒഴികെയുള്ള കോഴ്സുകൾക്ക് ഏകജാലക സംവിധാനത്തിലൂടെയാണ് പ്രവേശനം നടത്തുന്നത്. ഒരു ബാച്ചിൽ 30 സീറ്റുകളാണുള്ളത്. ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകളിൽ ഈ അദ്ധ്യയന വർഷം പ്രവേശനം ലഭിക്കുന്ന കോഴ്സുകളെ സംബന്ധിക്കുന്ന വിശദ വിവരങ്ങളും ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകളുടെ പട്ടികയും അനുബന്ധമായി ചേർത്തിട്ടുണ്ട്. കോഴ്സുകളെ സംബന്ധിക്കുന്ന വിവരം www.admission.vhseportal.kerala.gov.in, www.admission.dge.kerala.gov.in എന്നീ വെബ്സൈറ്റുകളിലും ലഭ്യമാണ്.

## 2. ഹയർസെക്കണ്ടറി (വൊക്കേഷണൽ) കോഴ്സുകൾ

### Vocational (NSQF) Courses at Higher Secondary Level 2025-2026

| Sl No | Course Code | Name of Job Role | Job Role- Sector | Other Subjects | Abbreviation Code |
|---|---|---|---|---|---|
| GROUP A | | | | | |
| 01 | 01 | Power Tiller Operator | Agriculture | English, Entrepreneurship Development, Physics, Chemistry, Mathematics | PTO |
| 02 | 02 | Offset Printing Operator | Media & Entertainment | English, Entrepreneurship Development, Physics, Chemistry, Mathematics | OPO |
| 03 | 03 | Four Wheeler Service Technician | Automotive | English, Entrepreneurship Development, Physics, Chemistry, Mathematics | FST |
| 04 | 04 | Distribution network Lineman | Power | English, Entrepreneurship Development, Physics, Chemistry, Mathematics | DNL |
| 05 | 06 | Draughts Person Civil Works | Construction | English, Entrepreneurship Development, Physics, Chemistry, Mathematics | DCW |
| 06 | 07 | Electrician Domestic Solutions | Power | English, Entrepreneurship Development, Physics, Chemistry, Mathematics | EDS |
| 07 | 09 | Field Technician Air Conditioner | Electronics | English, Entrepreneurship Development, Physics, Chemistry, Mathematics | FTAC |
| 08 | 10 | Field Technician Computing and Peripherals | Electronics | English, Entrepreneurship Development, Physics, Chemistry, Mathematics | FTCP |
| 09 | 11 | Graphic Designer | Media & Entertainment | English, Entrepreneurship Development, Physics, Chemistry, Mathematics | GCD |
| 10 | 12 | Inline Checker Sewing | Apparel Made Ups and Home Furnishings | English, Entrepreneurship Development, Physics, Chemistry, Mathematics | ICS |
| 11 | 13 | Junior Software Developer | IT/ITES | English, Entrepreneurship Development, Physics, Chemistry, Mathematics | JSD |
| 12 | 14 | Operator Plastic Product making(Plastic toy& Ball pen) | Rubber/ Chemicals / Petro Chemicals | English, Entrepreneurship Development, Physics, Chemistry, Mathematics | OPPM |
| 13 | 15 | Optical Fiber Technician | Telecom | English, Entrepreneurship Development, Physics, Chemistry, Mathematics | OFT |
| 14 | 16 | Plumber - General | Plumbing | English, Entrepreneurship Development, Physics, Chemistry, Mathematics | PGL |
| 15 | 17 | Solar LED Technician | Electronics | English, Entrepreneurship Development, Physics, Chemistry, Mathematics | SLT |
| 16 | 49 | Web Developer | IT/ITES | English, Entrepreneurship Development, Physics, Chemistry, Mathematics | WDE |
| 17 | 50 | Telecom Technician IoT Devices/Systems | Telecom | English, Entrepreneurship Development, Physics, Chemistry, Mathematics | TTI |

| Sl No | Course Code | Name of Job Role | Job Role- Sector | Other Subjects | Abbreviation Code |
|---|---|---|---|---|---|
| **GROUP B** | | | | | |
| 18 | 18 | Assistant Designer- Apparel, Made-ups & Home Furnishing | Apparel Made Ups and Home Furnishings | English, Entrepreneurship Development, Physics, Chemistry, Biology | ADMF |
| 19 | 20 | Pre-school and Day care Facilitator | Management, Entrepreneurship and Professional Skills | English, Entrepreneurship Development, Physics, Chemistry, Biology | PDF |
| 20 | 21 | Beauty Therapist | Beauty and Wellness | English, Entrepreneurship Development, Physics, Chemistry, Biology | BT |
| 21 | 22 | Dairy Product Processor | Food Industry | English, Entrepreneurship Development, Physics, Chemistry, Biology | DPP |
| 22 | 23 | Agriculture Extension Service Provider | Agriculture | English, Entrepreneurship Development, Physics, Chemistry, Biology | AESP |
| 23 | 24 | Dairy Farmer Entrepreneur | Agriculture | English, Entrepreneurship Development, Physics, Chemistry, Biology | DFE |
| 24 | 25 | Dietetic Aide | Health Care Sector Skill Council | English, Entrepreneurship Development, Physics, Chemistry, Biology | DIA |
| 25 | 26 | Fish and Sea Food Junior Processor | Food Industry | English, Entrepreneurship Development, Physics, Chemistry, Biology | FSJP |
| 26 | 27 | Automotive Engine Repair Technician | Automotive | English, Entrepreneurship Development, Physics, Chemistry, Biology | AERT |
| 27 | 28 | General Fitness Trainer | Sports, Physical Education, Fitness and Leisure | English, Entrepreneurship Development, Physics, Chemistry, Biology | GFT |
| 28 | 29 | Floriculturist | Agriculture | English, Entrepreneurship Development, Physics, Chemistry, Biology | FCT |
| 29 | 31 | Lab Technician- Pharma, Biologics & Medical Devices :Wet Lab | LIFE SCIENCE | English, Entrepreneurship Development, Physics, Chemistry, Biology | LTPM |
| 30 | 32 | Master Gardener | Agriculture | English, Entrepreneurship Development, Physics, Chemistry, Biology | MGR |
| 31 | 33 | General Duty Assistant (Trainee) | Health Care Sector Skill Council | English, Entrepreneurship Development, Physics, Chemistry, Biology | GDA |
| 32 | 34 | Handheld device (Handset and Tablet ) Technician | Telecom | English, Entrepreneurship Development, Physics, Chemistry, Biology | HDT |
| 33 | 35 | Micro Irrigation Technician | Agriculture | English, Entrepreneurship Development, Physics, Chemistry, Biology | MIT |
| 34 | 36 | Organic Grower | Agriculture | English, Entrepreneurship Development, Physics, Chemistry, Biology | ORG |
| 35 | 37 | Ornamental Fish Farmer | Agriculture | English, Entrepreneurship Development, Physics, Chemistry, Biology | ORFT |
| 36 | 38 | Shrimp Farmer | Agriculture | English, Entrepreneurship Development, Physics, Chemistry, Biology | SHF |
| 37 | 39 | Small Poultry Farmer | Agriculture | English, Entrepreneurship Development, Physics, Chemistry, Biology | SPF |
| **GROUP C** | | | | | |
| 38 | 41 | Customer Service Representative (Meet& Greet) | Tourism and hospitality | English, Entrepreneurship Development, History, Geography, Economics | CSR |
| **GROUP D** | | | | | |
| 39 | 42 | Business Correspondent / Facilitator | BFSI | English,Entrepreneurship Development, Accountancy, Business Studies, Management | BCF |
| 40 | 43 | Accounts Assistant | BFSI | English,Entrepreneurship Development, Accountancy, Business Studies, Management | AAT |
| 41 | 44 | Craft Baker | Food Industry | English,Entrepreneurship Development, Accountancy, Business Studies, Management | CRB |
| 42 | 45 | Office Operations Executive | Management, Entrepreneurship and Professional Skills | English,Entrepreneurship Development, Accountancy, Business Studies, Management | OFE |
| 43 | 46 | Retail Sales Executive | Retail | English,Entrepreneurship Development, Accountancy, Business Studies, Management | RSE |

## 3. കോഴ്സ് ദൈർഘ്യവും ഘടനയും

3.1 എല്ലാ സ്കിൽ കോഴ്സുകളുടെയും ദൈർഘ്യം 2 വർഷമാണ്.

3.2 ഹയർ സെക്കണ്ടറി (വൊക്കേഷണൽ) പഠനം തെരഞ്ഞെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഇംഗ്ലീഷ്, സംരംഭകത്വ വികസനം (Entrepreneurship Development) എന്നീ വിഷയങ്ങൾ പൊതുവായി പഠിക്കേണ്ടതുണ്ട്. തൊഴിലധിഷ്ഠിത പഠനത്തിനായി തെരഞ്ഞെടുക്കുന്ന എൻ.എസ്.ക്യു.എഫ് അധിഷ്ഠിത കോഴ്സുകൾ 43 എണ്ണമുണ്ട്. അഭിരുചിക്കനുസരിച്ച് ഇവ തെരെഞ്ഞെടുക്കാവുന്നതാണ്. തെരഞ്ഞെടുക്കുന്ന എൻ.എസ്.ക്യു.എഫ് കോഴ്സിന്റെ അടിസ്ഥാനത്തിൽ ഓരോ ഗ്രൂപ്പിലും പഠിക്കേണ്ട നോൺ വൊക്കേഷണൽ വിഷയങ്ങൾ വ്യത്യസ്തമായിരിക്കും. ഓരോ ഗ്രൂപ്പിലുമുള്ള നോൺ വൊക്കേഷണൽ വിഷയങ്ങളുടെ പട്ടിക താഴെക്കൊടുത്തിരിക്കുന്നു.

| | |
|---|---|
| Group A | Physics, Chemistry, Mathematics |
| Group B | Physics, Chemistry, Biology |
| Group C | History, Geography, Economics |
| Group D | Accountancy, Business Studies, Management |

3.3 ഗ്രൂപ്പ് ബി വിഭാഗത്തിലെ വൊക്കേഷണൽ വിഷയങ്ങൾ തിരഞ്ഞെടുക്കുന്നവർക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളോടൊപ്പം, താല്പര്യമുണ്ടെങ്കിൽ, ഗണിതം (Mathematics) ഒരു അധിക വിഷയമായി എടുത്തു പഠിക്കാവുന്നതും മെഡിക്കൽ പ്രവേശന പരീക്ഷയോടൊപ്പം എൻജിനിയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനപരീക്ഷയും എഴുതുന്നതിനുള്ള സൗകര്യം ഉപയോഗപ്പെടുത്താവുന്നതുമാണ്. അതിനായി വിദ്യാർത്ഥികൾ കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ (Kerala State Open School) രജിസ്റ്റർ ചെയ്യേണ്ടതും അവിടെനിന്നും ലഭിക്കുന്ന നിർദേശങ്ങൾക്കനുസൃതമായി സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതും തുടർമൂല്യനിർണയ സ്കോറുകൾ നേടേണ്ടതുമാണ്.

## 4. പഠന മാധ്യമം

ഹയർസെക്കണ്ടറി (വൊക്കേഷണൽ) പഠനത്തിൽ പഠനമാധ്യമം ഇംഗ്ലീഷാണ്. എന്നാൽ പരീക്ഷകൾ മലയാളം, തമിഴ്, കന്നട ഭാഷകളിലും എഴുതാവുന്നതാണ്.

## 5. പ്രവേശനയോഗ്യത

5.1 എസ്.എസ്.എൽ.സി (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, റ്റി.എച്ച്.എസ്.എൽ.സി തുടങ്ങിയവയിലേതെങ്കിലും പരീക്ഷ വിജയിച്ചവരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും, രാജ്യങ്ങളിൽ നിന്നും തത്തുല്യമായ പരീക്ഷ ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ വിജയിച്ചവരും പ്രവേശനത്തിന് അപേക്ഷിക്കാൻ യോഗ്യരാണ്.

സാക്ഷരതാ മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂൾ, മറ്റ് ഓപ്പൺ സ്കൂൾ സംവിധാനം എന്നിങ്ങനെയുള്ള അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ പത്താം തരം യോഗ്യത നേടുന്ന വിദ്യാർഥികൾ ഹയർ സെക്കൻഡറി (വൊക്കേഷണൽ) കോഴ്സുകൾക്ക് അപേക്ഷ സമർപ്പിക്കുവാൻ അർഹരല്ല. ഇത്തരം സംവിധാനങ്ങളിലൂടെ പത്താം തരം യോഗ്യത നേടുകയും തുടർന്ന് കേരള സിലബസ് എസ്.എസ്.എൽ.സി യ്ക്ക് തുല്യമാണെന്ന് കേരളാ പരീക്ഷാഭവൻ തുല്യതാ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർക്ക് കേരള സംസ്ഥാന സംരംഭമായ സ്കോൾ–കേരള മുഖാന്തിരം മാനദണ്ഡങ്ങൾക്കനുസൃതമായി തുടർപഠനം സാധ്യമാകുന്നതാണ്.

5.2 എസ്.എസ്.എൽ.സി (കേരള സിലബസ്) പഠിച്ച അപേക്ഷകർ ഓരോ പേപ്പറിനും ഡി പ്ലസ് ഗ്രേഡോ തത്തുല്യമായ സ്കോറോ വാങ്ങി ഉന്നതപഠനത്തിന് യോഗ്യത നേടിയിരിക്കണം. മറ്റ് തത്തുല്യ പരീക്ഷകൾ വിജയിച്ച അപേക്ഷകർ, വിവിധ വിഷയങ്ങൾക്ക് അതാതു ബോർഡുകൾ നിശ്ചയിച്ച ഉന്നതപഠനത്തിന് യോഗ്യമായ മിനിമം സ്കോർ നേടിയിരിക്കണം.

5.3 പഴയ സ്കീമിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയവരുടെയും ഗ്രേഡിംഗ് രീതിയിലുള്ള മൂല്യനിർണ്ണയം നിലവിലില്ലാത്ത മറ്റ് തത്തുല്യ പരീക്ഷ എഴുതിയവരുടെയും മാർക്കുകൾ ഗ്രേഡാക്കി മാറ്റിയശേഷമായിരിക്കും പ്രവേശനത്തിന് പരിഗണിക്കുന്നത്.

5.4 യോഗ്യതാ പരീക്ഷ ജയിക്കുവാൻ മൂന്നിൽ കൂടുതൽ അവസരങ്ങൾ എടുത്തവർ ഹയർസെക്കണ്ടറി (വൊക്കേഷണൽ) കോഴ്സുകൾക്ക് അപേക്ഷിക്കുവാൻ യോഗ്യരല്ല.

5.5 സാങ്കേതിക വിദ്യാഭ്യാസവകുപ്പ് നൽകുന്ന റ്റി.എച്ച്.എസ്.എൽ.സി വിജയിച്ച വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി (വൊക്കേഷണൽ) ബി ഗ്രൂപ്പിൽപ്പെട്ട വിഷയങ്ങൾക്ക് പ്രവേശനത്തിന് അർഹത ഇല്ല.

5.6 10/01/2019 ലെ സർക്കുലർ നമ്പർ Acad 3/2019 മുഖേന സി.ബി.എസ്സ്.ഇ തന്നെ നിഷ്കർച്ചിട്ടുള്ളത് കണക്കിലെടുത്ത് Mathematics-Standard പാസ്സായിട്ടുള്ളവർക്ക് മാത്രമേ ഹയർ സെക്കണ്ടറി (വൊക്കേഷണൽ) തലത്തിൽ Mathematics ഉൾപ്പെട്ടിട്ടുള്ള വിഷയ കോമ്പിനേഷൻ ഓപ്ഷനായി തെരഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ.

5.7 ഹയർസെക്കണ്ടറി കോഴ്സ് / ഹയർസെക്കണ്ടറി (വൊക്കേഷണൽ) കോഴ്സ് പൂർത്തിയാക്കുകയും എന്നാൽ പരീക്ഷയിൽ പരാജയപ്പെടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് ടി കോഴ്സിലെ പ്രവേശനം, (G.O No. 1189/2023 GEDN dtd 09/02/2023 പ്രകാരം) റദ്ദു ചെയ്യുന്ന പക്ഷം ഹയർ സെക്കണ്ടറി (വൊക്കേഷണൽ) കോഴ്സിന് ചേരാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

## 6. വയസ്സ്

6.1 അപേക്ഷകരുടെ കുറഞ്ഞ പ്രായപരിധി 2025 ജൂൺ 1 ന് 15 വയസ്സ് ആണ്. എന്നാൽ കേരള സംസ്ഥാന പൊതുപരീക്ഷ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി പാസായ വിദ്യാർത്ഥികൾക്ക് കുറഞ്ഞ പ്രായപരിധിയില്ല. 2025 ജൂൺ 1 ന് 20 വയസ്സോ അതിനു മുകളിലോ പ്രായമായവർക്ക് പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

6.2 പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന പ്രായ പരിധിയിൽ പരമാവധി രണ്ട് വർഷം വരെ ഇളവ് അനുവദിച്ചിട്ടുണ്ട്.

6.3 കേരള സംസ്ഥാന പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ ആറുമാസം വരെ ഇളവ് അനുവദിക്കാൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് അധികാരമുണ്ട്.

6.4 മറ്റ് സംസ്ഥാനങ്ങളുടേയോ സെൻട്രൽ ബോർഡുകളുടേയോ പരീക്ഷ വിജയിച്ചിട്ടുള്ള അപേക്ഷകർക്ക് ഉയർന്ന/താഴ്ന്ന പ്രായപരിധിയിൽ പരമാവധി 6 മാസം വരെ ഇളവ് അനുവദിക്കാനുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.

6.5 അന്ധ ബധിര, മൂക വിദ്യാർത്ഥികൾക്കും ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഉയർന്ന പ്രായപരിധിയിൽ പരമാവധി അഞ്ച് വർഷത്തെ വരെ ഇളവ് അനുവദിക്കുന്നതാണ്.

6.6 അന്തർദേശീയ, ദേശീയ, സംസ്ഥാന, ജില്ലാതല കായിക മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നാം സ്ഥാനമോ രണ്ടാം സ്ഥാനമോ മൂന്നാം സ്ഥാനമോ നേടിയ എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി വിജയിച്ച അപേക്ഷകർക്കും ഉയർന്ന പ്രായപരിധിയിൽ പരമാവധി രണ്ടു വർഷത്തെ ഇളവ് അനുവദിച്ചിട്ടുണ്ട്.

## 7. സീറ്റ് സംവരണം

7.1 മെരിറ്റ് സീറ്റുകളിൽ നിശ്ചിത ശതമാനം സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ കുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഭാഗം | സംവരണ നിരക്ക് |
|---|---|---|
| 1 | ഈഴവ/തിയ്യ/ബില്ലവ | 9 % |
| 2 | മുസ്ലീം | 8 % |
| 3 | ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇന്ത്യൻ | 3 % |
| 4 | മറ്റ് ഹിന്ദു പിന്നാക്കവിഭാഗം | 3 % |
| 5 | മറ്റ് കൃസ്ത്യൻ പിന്നാക്കവിഭാഗം/എസ്ഐ.യു.സി/നാടാർ കൃസ്ത്യൻ | 1 % |
| 6 | ധീവര | 2 % |
| 7 | വിശ്വകർമ്മ | 2 % |
| 8 | കുശവ | 1 % |
| 9 | കുടുമ്പി | 1 % |
| 10 | പട്ടിക ജാതി (എസ്.സി) | 8 % |
| 11 | പട്ടിക വർഗ്ഗം (എസ്.ടി) | 2 % |
| 12 | EWS (മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ) | 10 % |

പട്ടിക ജാതി, പട്ടിക വർഗ്ഗ, എസ്.ഇ.ബി.സി, ഒ.ഇ.സി, EWS വിഭാഗങ്ങളുടെ പട്ടിക www.vhscap.kerala.gov.in എന്ന വെബ് സൈറ്റിലും അനുബന്ധം 3 ലും ലഭ്യമാണ്.

7.2. ഫിഷറീസ് സ്കൂളുകൾ ഒഴികെയുള്ള സ്കൂളുകളിൽ SSLC/THSLC പാസ്സായിട്ടുള്ള വിദ്യാർത്ഥികൾക്ക് അർഹതയുള്ളപക്ഷം, അതാത് സ്കൂളുകളിൽ ഹയർ സെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിന് 5 ബോണസ് പോയിന്റ് ലഭിക്കും. (സർക്കാർ കത്ത് 22492/SC3/പൊ.വി.വ തീയതി 19.01.15)

## 8. മറ്റ് പരിഗണനകൾ

8.1. ഫിഷറീസ് സ്കൂളുകളിൽ ഒന്നാം വർഷ പ്രവേശനത്തിനായി മുഖ്യ അലോട്ട്മെന്റ് ഘട്ടത്തിലെ ഒന്നാം അലോട്ട്മെന്റിൽ മത്സ്യ തൊഴിലാളികളുടെ മക്കളായ അപേക്ഷകർക്ക് മാത്രമായി പ്രവേശനം പരിമിതപ്പെടുത്തുമെങ്കിലും തുടർന്നുള്ള ഘട്ടങ്ങളിൽ യോഗ്യരായ മത്സ്യത്തൊഴിലാളികളുടെ മക്കളായ അപേക്ഷകരുടെ അഭാവത്തിൽ മറ്റു വിഭാഗം അപേക്ഷകരെയും പ്രവേശനത്തിന് പരിഗണിക്കുന്നതാണ്.

8.2. ഭിന്നശേഷി വിഭാഗത്തിലുള്ളവർക്കായി (Differently abled) ഒരു സീറ്റ് എല്ലാ ബാച്ചിലും അധികമായി അനുവദിച്ചിട്ടുണ്ട്. ആദ്യ അലോട്ട്മെന്റിൽ തന്നെ ഈ വിഭാഗത്തിലെ മുഴുവൻ അപേക്ഷകരെയും പരിഗണിക്കുന്നതാണ്.

8.3. സംസ്ഥാനത്തെ ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അഞ്ചു ശതമാനം സീറ്റുകൾ താഴെപ്പറയുന്നതു പ്രകാരം സംവരണം ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1. | ഗവ. തമിഴ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ചാല, തിരുവനന്തപുരം | തമിഴ് |
| 2. | സെൻറ് ഫ്രാൻസിസ് വി.എച്ച്.എസ്.സ്കൂൾ, പരിശയ്ക്കൽ, പാലക്കാട് | തമിഴ് |
| 3. | ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കുമിളി, ഇടുക്കി | തമിഴ് |
| 4. | ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മൂന്നാർ, ഇടുക്കി | തമിഴ് |
| 5. | ഗവ. വി.എച്ച്.എസ്.സ്കൂൾ, കരഡ്ക്ക, മൂളിയാർ, കാസർകോഡ് | കന്നട |
| 6. | ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മുള്ളേറിയ, കാസർകോഡ് | കന്നട |
| 7. | ഗവ. വി.എച്ച്.എസ്.സ്കൂൾ, കുഞ്ചത്തൂർ, മഞ്ചേശ്വരം, കാസർകോഡ് | കന്നട |

8.4. മേൽപ്രസ്താവിച്ച 8.1, 8.2, 8.3 എന്നീ വിഭാഗങ്ങളിലെ തെരഞ്ഞെടുപ്പ് മെരിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും. ഈ വിഭാഗങ്ങളിൽ മതിയായ അപേക്ഷകരില്ലെങ്കിൽ ഇതിലേക്ക് ഓപ്പൺമെരിറ്റിൽ നിന്നും പ്രവേശനം നടത്തുന്നതാണ്.

8.5. സംസ്ഥാനത്തെ, പെൺകുട്ടികൾ മാത്രം പഠിക്കുന്ന ഗേൾസ് ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകൾ ഒഴികെയുള്ള എല്ലാ സ്കൂളുകളിലെയും എൻ.എസ്.ക്യു.എഫ് കോഴ്സുകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം അനുവദിക്കുന്നതാണ്.

8.6. ഹയർസെക്കണ്ടറി (വൊക്കേഷണൽ) വിഭാഗത്തിൻറെ കീഴിലുള്ള സ്പോർട്സ് സ്കൂളുകളിലെ ജനറൽ ഫിറ്റ്നസ് ട്രെയിനർ കോഴ്സിലെ പ്രവേശനം കായിക യുവജന കാര്യാലയമാണ് നടത്തുന്നത്. എന്നിരുന്നാലും പ്രവേശനത്തിനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത, വയസ്, സീറ്റുകളുടെ എണ്ണം എന്നിവ സംബന്ധിച്ച പൊതുനിയമങ്ങൾ ബാധകമായിരിക്കും.

## 9. അപേക്ഷാ സമർപ്പണം

9.1. പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാണ് പ്രവേശന നടപടികൾ നടത്തപ്പെടുന്നത്. അപേക്ഷയിൽ അവകാശപ്പെടുന്ന ആനുകൂല്യങ്ങളുടെയും ബോണസ് പോയിന്റിന് അർഹമായ രേഖകളുടെയും വിവരങ്ങൾ ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും അപേക്ഷാ ഫീസും അഡ്മിഷൻ സമയത്ത് സ്കൂളിൽ സമർപ്പിക്കേണ്ടതാണ്.

9.2. കേരളത്തിലെ ഏത് ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളിലെയും മെറിറ്റ് സീറ്റിലേക്ക് പ്രവേശനം നേടുന്നതിന് അപേക്ഷകൻ ഓൺലൈൻ സംവിധാനത്തിലൂടെ ഒരു അപേക്ഷ മാത്രം നൽകിയാൽ മതിയാകും. ഏകജാലകസംവിധാനത്തിലൂടെ പ്രവേശനം നേടുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒന്നിൽ കൂടുതൽ അപേക്ഷകൾ ഒരു കാരണവശാലും നൽകുവാൻ പാടുള്ളതല്ല.

9.3. ഓൺലൈൻ അപേക്ഷയിൽ, വിവിധ ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകൾ, വ്യത്യസ്ത കോഴ്സുകൾ എന്നിവ, അഡ്മിഷൻ ആഗ്രഹിക്കുന്ന മുൻഗണനാക്രമത്തിൽ ഓപ്ഷൻ നൽകേണ്ടതാണ്.

## 10. സ്പെഷ്യൽ സ്കൂൾ (ഡഫ് സ്കൂൾ) പ്രവേശനം

10.1. പൊതുവിദ്യാഭ്യാസ (വൊക്കേഷണൽ വിഭാഗം) വകുപ്പിന് കീഴിലുള്ള ബധിരമൂക വിദ്യാലയങ്ങളിലെ പ്രവേശനം ഏകജാലകസംവിധാന പ്രകാരമായിരിക്കും. ഏകജാലക പ്രവേശനത്തിനുള്ള പൊതു അപേക്ഷയിൽ തന്നെ പ്രസ്തുത സ്കൂളുകളിലേയ്ക്കും ഓപ്ഷൻ നൽകാവുന്നതാണ്.

10.2. ബധിര, മൂക വിഭാഗങ്ങളിൽപ്പെടുന്ന അപേക്ഷകർക്ക് ഏത് സ്കൂളിലും അപേക്ഷ നൽകാം. ബധിരത/മൂകത തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻെറ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രവേശനം ആഗ്രഹിക്കുന്ന സ്കൂൾ/ഡഫ് സ്കൂൾ അപേക്ഷയിൽ ഒന്നാം ഓപ്ഷനായി ചേർത്തിരിക്കണം.

## 11. വിഭിന്നശേഷി വിഭാഗത്തിലെ (Differently Abled) കുട്ടികളുടെ പ്രവേശനം

11.1. വിഭിന്നശേഷി വിഭാഗത്തിൽ (1) ശാരീരിക വൈകല്യമുള്ളവർ (2) അന്ധർ (3) ബധിരർ (4) മാനസിക/മസ്തിഷ്ക രോഗങ്ങൾ മൂലം പഠന വൈകല്യമുള്ളവർ എന്നിവരുൾപ്പെടും.

ഈ വിഭാഗത്തിൽ പരിഗണിക്കുന്നതിന് അപേക്ഷകർ തങ്ങൾക്ക് 40 ശതമാനത്തിൽ കുറയാത്ത വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. കൂടാതെ പ്രായോഗിക പരീക്ഷകളുള്ള വിഷയങ്ങൾ പഠിക്കുന്നതിന് രോഗാവസ്ഥ തടസ്സമല്ലെന്ന്, ഇതിനായി വിദ്യാഭ്യാസ വകുപ്പ് ചുമതലപ്പെടുത്തുയിട്ടുള്ള പ്രത്യേക സമിതി സാക്ഷ്യപ്പെടുത്തണം. പരിശോധനക്ക് ശേഷം സമിതി നൽകുന്ന സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾ അഡ്മിഷൻ നേടുന്ന സ്കൂളിൽ സമർപ്പിക്കേണ്ടതാണ്.

## 12. മാനേജ്മെന്റ് സീറ്റുകൾ

12.1. എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതിനുള്ള അധികാരം അതത് മാനേജ്മെന്റുകളിൽ നിക്ഷിപ്തമായിരിക്കും. ഈ സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ അതത് എയ്ഡഡ് സ്കൂളിൽ നിന്നും ലഭിക്കുന്ന നിശ്ചിത അപേക്ഷാഫോറം വാങ്ങി പൂരിപ്പിച്ച് അതാത് സ്കൂളിൽതന്നെ നൽകേണ്ടതാണ്. ഇപ്രകാരമുള്ള പ്രവേശനങ്ങളുടെ റാങ്ക് ലിസ്റ്റ്, ഗ്രേഡ് പോയിന്റടക്കമുള്ള വിശദാംശങ്ങളോടെ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതും പ്രവേശനം നേടിയ കുട്ടികളുടെ വിവരങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ വെബ് പോർട്ടലിലേക്ക് സ്കൂൾ അധികൃതർ അപ്‌ലോഡ് ചെയ്യുന്നതുമാണ്.

12.2. പ്രവേശനത്തിനുള്ള കുറഞ്ഞ വിദ്യാഭ്യാസയോഗ്യത, വയസ് എന്നിവ സംബന്ധിച്ച പൊതുനിയമങ്ങൾ എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് സീറ്റുകൾക്കും ബാധകമാണ്.

## 13. ഏകജാലകസംവിധാന പ്രകാരം അപേക്ഷ സമർപ്പിക്കുന്നവിധം

അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് മുൻപായി പ്രോസ്പെക്ടസിലെ നിർദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ്.

13.1. അപേക്ഷകർക്ക് സ്വന്തമായോ, അല്ലെങ്കിൽ പത്താം തരം പഠിച്ചിരുന്ന ഹൈസ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും അതുപോലെ തന്നെ ആ പ്രദേശത്തെ ഗവണ്മെന്റ് / എയ്ഡഡ് ഹയർ സെക്കന്ററി (വൊക്കേഷണൽ) സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും പ്രയോജനപ്പെടുത്തി ഹയർ സെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

13.2. ഹയർസെക്കന്ററി (വൊക്കേഷണൽ) അഡ്മിഷൻ വെബ്സൈറ്റായ www.admission.vhseportal.kerala.gov.in ൽ Candidate Login നിർമ്മിച്ച് അപേക്ഷകർക്ക് സ്വന്തമായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകർ സമർപ്പിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും അപേക്ഷകൾ അലോട്ട്മെന്റിനായി പരിഗണിക്കുക. അക്കാരണത്താൽ തന്നെ അപേക്ഷയിൽ സമർപ്പിക്കുന്ന വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷാർഥി നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി ലഭിക്കുന്ന അലോട്ട്മെന്റിൽ പ്രവേശനം നേടുന്നതിനായി രേഖകൾ വെരിഫിക്കേഷനായി സമർപ്പിക്കുമ്പോൾ തെറ്റായി വിവരം നൽകി അലോട്ട്മെന്റിൽ ഇടം നേടിയതാണെന്നു കണ്ടെത്തുകയാണെങ്കിൽ അത്തരം അലോട്ട്മെന്റുകൾ റദ്ദാക്കി പ്രവേശനം നിരസിക്കുന്നതാണ്.

## 14. ഹെൽപ് ഡെസ്ക്കുകൾ (Help Desks)

14.1. അപേക്ഷ സമർപ്പണം, അപേക്ഷാവിവരങ്ങൾ പരിശോധിക്കൽ തുടങ്ങി സ്കൂൾ പ്രവേശനം സംബന്ധിച്ച് വിദ്യാർത്ഥികൾക്കുണ്ടാവുന്ന എല്ലാ സംശയങ്ങളും പരിഹരിക്കുന്നതിന് ഓരോ സ്കൂളിലും അദ്ധ്യാപകരും രക്ഷാകർതൃസമിതി അംഗങ്ങളും ഉൾപ്പെടുന്ന ഹെൽപ്ഡെസ്ക്കുകൾ പ്രവർത്തിക്കുന്നതാണ്. കൂടാതെ, അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരുടെ സംശയ നിവൃത്തിയ്ക്കായി മേഖലാ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നതാണ്.

## 15. അപേക്ഷാ വിവരങ്ങൾ പരിശോധിക്കൽ

15.1. അപേക്ഷകർക്ക്, അപേക്ഷയിൽ നൽകിയ വിവരങ്ങൾ ഹയർ സെക്കണ്ടറി (വൊക്കേഷണൽ) വിഭാഗത്തിന്റെ അഡ്മിഷൻ പോർട്ടലായ www.admission.vhseportal.kerala.gov.in ൽ Candidate Login വഴി പരിശോധിക്കാവുന്നതും പ്രിൻറ് എടുക്കാവുന്നതുമാണ്.

15.2. അപേക്ഷാവിവരങ്ങൾ പരിശോധിക്കുന്നതിന് സ്കൂളുകളിലെ കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.

## 16. അലോട്ട്മെന്റ് പ്രക്രിയ

16.1. ട്രയൽ അലോട്ട്മെന്റ് (Trial allotment): വിദ്യാർത്ഥികൾക്ക് വിവിധ സ്കൂളുകളിലെ കോഴ്സുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതിനുള്ള സാദ്ധ്യത മനസ്സിലാക്കുന്നതിനും, അലോട്ട്മെന്റിനെക്കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിനും, അവസാനഘട്ട പരിശോധനയും തിരുത്തലുകളും വരുത്തുന്നതിനുമായി ആദ്യഅലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ഒരു ട്രയൽ അലോട്ട്മെന്റ് നടത്തുന്നതും ട്രയൽ അലോട്ട്മെന്റ് റിസൾട്ട് അഡ്മിഷൻ വെബ്സൈറ്റിൽ (www.admission.vhseportal.kerala.gov.in/www.admission.dge.kerala.gov.in) പ്രസിദ്ധീകരിക്കുന്നതുമായിരിക്കും. അപേക്ഷാവിവരങ്ങളിൽ എന്തെങ്കിലും തെറ്റുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് തിരുത്തുവാൻ അവസരം ഈ ഘട്ടത്തിൽ നൽകുന്നതാണ്. തിരഞ്ഞെടുത്ത സ്കൂളുകളും കോഴ്സ് സഹിതമുള്ള മാറ്റങ്ങളും ഈ ഘട്ടത്തിൽ അനുവദിക്കുന്നതാണ്.

16.2. മുഖ്യഅലോട്ട്മെന്റുകൾ : ട്രയൽ അലോട്ട്മെന്റിനു ശേഷം മൂന്ന് മുഖ്യ അലോട്ട്മെന്റുകൾ ഉണ്ടായിരിക്കും. അലോട്ട്മെന്റ് സംബന്ധിക്കുന്ന വാർത്തകൾ വാർത്താ മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

16.3. ഓരോ അലോട്ട്മെന്റിന്റെയും വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. അഡ്മിഷൻ വെബ്സൈറ്റിൽ വിദ്യാർത്ഥിയുടെ ക്യാൻഡിഡേറ്റ് ലോഗിനിൽ അലോട്ട്മെന്റ് വിവരങ്ങൾ ലഭ്യമായിരിക്കും.

16.4. അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ലഭിച്ച സ്കൂൾ, കോഴ്സ് മുതലായ വിവരങ്ങൾ ആദ്യപേജിൽ കാണാം. ഇതേ പേജിലെ അലോട്ട്മെന്റ് സ്ലിപ്പ് (Allotment Slip) എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താൽ അപേക്ഷാവിവരങ്ങളും അലോട്ട്മെന്റ് വിവരങ്ങൾ അടങ്ങിയ അലോട്ട്മെന്റ് ലെറ്ററും (Allotment Letter) കാണാം. അലോട്ട്മെന്റ് ലെറ്ററിന്റെ പ്രിന്റ് എടുത്ത് അസ്സൽ സർട്ടിഫിക്കറ്റുകളും നിശ്ചിത ഫീസുമായി അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ നിശ്ചിത സമയത്തിനുള്ളിൽ ഹാജരായാൽ പ്രവേശനം ലഭിക്കുന്നതാണ്.

16.5. അലോട്ട്മെന്റ് ലഭിക്കാത്ത അപേക്ഷകർക്ക് അപേക്ഷിച്ച ഓരോ സ്കൂളിലും ലഭിച്ച റാങ്കും, ആ സ്കൂളിൽ ഓരോ വിഭാഗത്തിലും അവസാനം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥിയുടെ റാങ്കും, മറ്റു വിവരങ്ങളും അഡ്മിഷൻ വെബ് സൈറ്റിൽ ലഭിക്കും. *അലോട്ട്മെന്റ് ലഭിക്കാത്തവർ തുടർന്നുള്ള അലോട്ട്മെന്റുകൾക്കായി കാത്തിരിക്കണം.*

16.6.1. *ജി.ഒ(ആർ .ടി ) നമ്പർ 1843/2018/പൊ.വി.വ തീയതി 18.05.2018 ലെ* ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ വേങ്ങര ഗവ.വി.എച്ച്.എസ്.എസ് (ഗേൾസ്) സ്കൂളിൽ ആൺകുട്ടികൾക്ക് കൂടി പ്രവേശനം അനുവദിച്ചിട്ടുണ്ട്.

16.6.2. *ജി.ഒ(ആർ .ടി ) നമ്പർ 474/2023/പൊ.വി.വ തീയതി 20.01.2023 ലെ* ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ പുല്ലാമല പി ഗോപാലൻ മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ആൺകുട്ടികൾക്ക് കൂടി പ്രവേശനം അനുവദിച്ചിട്ടുണ്ട്.

## 17. സ്ഥിരപ്രവേശനം, താൽക്കാലിക പ്രവേശനം

17.1. സ്ഥിരപ്രവേശനം: ഒന്നാം ഓപ്ഷൻ പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ് നൽകി നിശ്ചിത സമയത്തിനുള്ളിൽ അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ സ്ഥിരപ്രവേശനം നേടണം. ഫീസടച്ചില്ലെങ്കിൽ ഈ സീറ്റുകളിൽ അഡ്മിഷൻ നടന്നിട്ടില്ലാത്തതായി കണക്കാക്കുന്നതാണ്. ഈ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് പിന്നീട് അവസരം

ലഭിക്കുന്നതല്ല. സ്ഥിരപ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് തുടർന്നുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് അവകാശമുന്നയിക്കുവാൻ അർഹതയില്ല.

17.2. താൽക്കാലിക പ്രവേശനം: രണ്ടാമത്തെയോ അതിൽതാഴെയോ ഉള്ള ഏതെങ്കിലും ഒരു ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ താൽക്കാലികപ്രവേശനം നേടിയാൽ മതിയാകും. പ്രവേശന യോഗ്യത തെളിയിക്കുവാനുള്ള രേഖകൾ സ്കൂൾ പ്രിൻസിപ്പലിന് സമർപ്പിക്കുമ്പോൾ താല്ക്കാലിക പ്രവേശനം ലഭിക്കുന്നതാണ്. താല്ക്കാലികപ്രവേശനം നേടുവാൻ ഫീസ് അടയ്ക്കേണ്ടതില്ല. ഇവർക്ക് അടുത്ത മുഖ്യ അലോട്ട്മെന്റിന് മുമ്പായി, നിശ്ചിതസമയത്തിനുള്ളിൽ നിലവിലുള്ള താൽപര്യമില്ലാത്ത ഉയർന്ന ഓപ്ഷനുകൾ (Higher Options) റദ്ദ് ചെയ്യുന്നതിനുള്ള അനുവാദം ഉണ്ടായിരിക്കും.

17.3. തുടർന്നുള്ള അലോട്ട്മെന്റുകളിൽ മെച്ചപ്പെട്ട ഓപ്ഷൻ ലഭിച്ചശേഷം താൽക്കാലിക പ്രവേശനം നേടിയിരുന്ന സ്കൂളിൽനിന്നും അസ്സൽ സർട്ടിഫിക്കറ്റുകൾ വാങ്ങി പുതിയ സ്കൂളിൽ നൽകി പ്രവേശനം നേടിയാൽ മതിയാകും. മുഖ്യഅലോട്ട്മെന്റുകൾ കഴിയുന്നതുവരെ ഇപ്രകാരം താല്ക്കാലിക അഡ്മിഷനിൽ തുടരാം.

17.4. സ്ഥിരപ്രവേശനം / താല്ക്കാലിക പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ താഴെച്ചേർത്തിരിക്കുന്ന രേഖകളുടെ അസ്സൽ (Original) സ്കൂളിൽ ഹാജരാക്കേണ്ടതാണ്.

1. അപേക്ഷാ ഫോമിന്റെ പകർപ്പ്
2. അലോട്ട്മെന്റ് ലെറ്റർ
3. എസ്.എസ്.എൽ.സി/ റ്റി.എച്ച്.എസ്.എൽ.സി/മറ്റ് തത്തുല്യ യോഗ്യതാ സർട്ടിഫിക്കറ്റുകൾ
4. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്
5. സ്വഭാവ സർട്ടിഫിക്കറ്റ്
6. EWS ആനുകൂല്യം ലഭിച്ചവർ അത് സംബന്ധിച്ച രേഖ
7. ആധാറിന്റെ പകർപ്പ്
8. ഓൺലൈനായി ഫീസ് അടച്ചവർ ചെല്ലാന്റെ പകർപ്പ്
9. ഫീസ് സൗജന്യമുള്ള കുട്ടികളാണെങ്കിൽ വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് (എസ്.സി, എസ്.ടി. വിഭാഗക്കാർക്ക് ജാതിസർട്ടിഫിക്കറ്റ് മാത്രം മതിയാകുന്നതാണ്.)
10. ബോണസ്മാർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ബോണസ്മാർക്കിന് പരിഗണിക്കുന്നതിനായി അപേക്ഷ യോടൊപ്പം ഹാജരാക്കിയ സർട്ടിഫിക്കറ്റുകളുടെ അസ്സൽ
11. ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്
12. പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ് (ഒന്ന്)

17.5. *താല്ക്കാലികപ്രവേശനം നേടിയശേഷം പ്രവേശനം സ്ഥിരപ്പെടുത്തൽ :* താഴ്ന്ന ഓപ്ഷനിൽ താൽക്കാലിക പ്രവേശനം ലഭിച്ചശേഷം പ്രവേശനം സ്ഥിരപ്പെടുത്താൻ അഗ്രഹിക്കുന്നവർക്ക് ഉയർന്ന ഓപ്ഷനുകൾ റദ്ദാക്കിക്കൊണ്ട്, ഫീസടച്ച് സ്ഥിരപ്രവേശനം നേടാം. അതിനായി ഉയർന്ന ഓപ്ഷൻ/ഓപ്ഷനുകൾ റദ്ദ് ചെയ്യുവാൻ ആഗ്രഹിക്കുന്ന വിവരം പ്രവേശനം നേടുന്ന ദിവസംതന്നെ സ്കൂൾ പ്രിൻസിപ്പാളിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

17.6. *ഉയർന്ന ഓപ്ഷൻ നിലനിർത്തിയിട്ടുള്ള/റദ്ദ് ചെയ്യാത്ത വിദ്യാർത്ഥികൾ തുടർന്നുവരുന്ന അലോട്ട്മെന്റുകളിൽ ഉയർന്ന ഓപ്ഷൻ ലഭിച്ചാൽ നിർബന്ധമായും പുതിയതായി അലോട്ട്മെന്റ് ലഭിച്ച സ്കൂൾ/കോഴ്സിലേയ്ക്ക് മാറേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്മിഷൻ പ്രക്രിയയിൽനിന്ന് പുറത്ത് ആകുന്നതാണ്.*

17.7. മുഖ്യഅലോട്ട്മെന്റ് പ്രക്രിയയുടെ അവസാനം പട്ടികജാതി വിഭാഗക്കാർക്ക് സംവരണം ചെയ്ത സീറ്റുകളിൽ ബാക്കിയുള്ളവ പട്ടികവർഗക്കാർക്കും, നേരേതിരിച്ചും ലഭിക്കുന്നതാണ്.

17.8. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെട്ട അപേക്ഷകർ പ്രയോജനപ്പെടുത്താത്ത സീറ്റുകളിലേയ്ക്ക് മറ്റ് അർഹസമുദായത്തിൽപെട്ട (Other Eligible Community) അപേക്ഷകരെ തിരഞ്ഞെടുക്കും. ബാക്കിയുള്ളവ ജനറൽ സീറ്റായി പരിഗണിക്കുന്നതാണ്.

17.9. എസ്.ഇ.ബി.സി (SEBC) വിഭാഗത്തിൽ ഒഴിവുവരുന്ന സീറ്റുകൾ SEBC യിലെ വിവിധ വിഭാഗങ്ങൾക്ക് സംവര ണശതമാന പ്രകാരം നൽകിയതിനുശേഷം, അവശേഷിക്കുന്നവ ജനറൽ സീറ്റായി പരിഗണിക്കുന്നതാണ്.

17.10. പ്രത്യേകസംവരണമുള്ള സീറ്റുകളിൽ പ്രസ്തുതവിഭാഗത്തിൽപെട്ട അപേക്ഷകർ ഇല്ലാതെ വന്നാൽ, ആയത് പ്രത്യേകം പരാമർശിക്കാത്തപക്ഷം നിർദേശാനുസരണ സംവരണവിഭാഗത്തിൽ (Mandatory Reservation) ൽ ഉൾപ്പെടുത്തുന്നതാണ്.

17.11. *മുഖ്യഅലോട്ട്മെന്റ് പ്രക്രിയ അവസാനിക്കുന്നതോടെ തങ്ങളുടെ ഹയർ ഓപ്ഷനുകൾ നിലനിർത്തി, താൽക്കാലിക പ്രവേശനത്തിൽ തുടരുന്ന എല്ലാ വിദ്യാർത്ഥികളും തങ്ങളുടെ പ്രവേശനം നിർബന്ധമായും*

*സ്ഥിരപ്പെടുത്തണം.* സ്ഥിരപ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് തുടർന്നുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് അവകാശമുന്നയിക്കുവാൻ സാധിക്കുകയില്ല.

## 18. സ്കൂൾ /കോഴ്സ് മാറ്റം

18.1. മുഖ്യഅലോട്ട്മെന്റ് പ്രക്രിയയ്ക്കുശേഷം നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. മുഖ്യഅലോട്ട്മെന്റ് പ്രക്രിയ അവസാനിച്ചിട്ടും അപേക്ഷകൻ മുൻഗണന നൽകിയ സ്കൂൾ/കോഴ്സ് കോമ്പിനേഷൻ ലഭിച്ചില്ലെങ്കിൽ സ്കൂൾ മാറ്റത്തിനോ സ്കൂളിനുള്ളിൽതന്നെ കോഴ്സ് മാറ്റത്തിനോ അപേക്ഷിക്കാം.

## 19. സപ്ലിമെന്ററി അലോട്ട്മെന്റ്

19.1. മൂന്ന് അലോട്ട്മെന്റുകളടങ്ങുന്ന മുഖ്യഅലോട്ട്മെന്റ് പ്രക്രിയയ്ക്കുശേഷം മുഖ്യഅലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സ്കൂൾ /കോഴ്സ് മാറ്റങ്ങൾ അനുവദിക്കുന്നതാണ്. തുടർന്നുണ്ടാകുന്ന ഒഴിവുള്ള സീറ്റുകളിലേക്ക് സപ്ലിമെന്ററി അലോട്ട്മെന്റുകൾ നടത്തും. സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷ ക്ഷണിക്കുന്നതിനു മുമ്പ് ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

19.2. അപേക്ഷ നൽകിയിട്ടും മുഖ്യ അലോട്ട്മെന്റുകളിലൊന്നിലും ഉൾപ്പെടാത്ത, എല്ലാ വിഭാഗത്തിലും ഉള്ള വിദ്യാർത്ഥികൾ, സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി നിലവിലുള്ള അപേക്ഷ പുതുക്കേണ്ടതുണ്ട്. *അപേക്ഷ പുതുക്കാതിരുന്നാൽ അലോട്ട്മെന്റിന് പരിഗണിക്കുകയില്ല.* അപേക്ഷ പുതുക്കുന്നതോടൊപ്പം നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഓപ്ഷനുകളും മാറ്റി നൽകാം. *എന്നാൽ സ്ഥിരപ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾ ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കുവാൻ പാടുള്ളതല്ല.*

19.3. നേരത്തെ അപേക്ഷിക്കാതിരുന്നവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിനുവേണ്ടി അപേക്ഷ നൽകാം. 2025 എസ്.എസ്.എൽ.സി സേ (SSLC SAY) പരീക്ഷയിലൂടെ യോഗ്യരാകുന്ന വിദ്യാർത്ഥികളേയും ഈ ഘട്ടത്തിലായിരിക്കും പരിഗണിക്കുക.

19.4. ഒഴിവുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ സീറ്റുകളിലേക്ക് ഇതേ വിഭാഗത്തിൽപെട്ട, മുമ്പ് അപേക്ഷ സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്കും സപ്ലിമെന്ററി അലോട്ടുമെന്റിനുവേണ്ടി പുതിയതായി അപേക്ഷ നൽകാവുന്നതാണ്.

19.5. ഫിഷറീസ് സ്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേയ്ക്ക് ഇതേ വിഭാഗത്തിൽപെട്ട, മുമ്പ് അപേക്ഷ സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്കും സപ്ലിമെന്ററി അലോട്ടുമെന്റിനുവേണ്ടി പുതിയതായി അപേക്ഷ നൽകാവുന്നതാണ്.

19.6. സപ്ലിമെന്ററി അലോട്ടുമെന്റിനുവേണ്ടി തയ്യാറാക്കുന്ന പുതിയ റാങ്ക്ലിസ്റ്റ് അനുസരിച്ച് ഈ അപേക്ഷകരെ വീണ്ടും പ്രവേശനത്തിനായി പരിഗണിക്കുന്നതാണ്.

19.7. അപേക്ഷകരുള്ളപക്ഷം സപ്ലിമെന്ററി അലോട്ട്മെന്റുകൾക്കു ശേഷം ഒരിക്കൽ കൂടി സ്കൂൾ/കോഴ്സ് മാറ്റം അനുവദിക്കുന്നതാണ്.

## 20. വെയിറ്റേജ് (Weightage)

20.1. യോഗ്യതാപരീക്ഷയിൽ ആകെ ലഭിച്ച സ്കോർ ആണ് അഡ്മിഷന് പരിഗണിക്കുന്നത്. ഹയർസെക്കണ്ടറി (വൊക്കേഷണൽ) പഠനത്തിന് വിദ്യാർത്ഥി തെരഞ്ഞെടുക്കുന്ന ഗ്രൂപ്പുമായി (A/B/C/D) ബന്ധമുള്ള യോഗ്യതാപരീക്ഷയിലെ വിഷയങ്ങൾക്ക് നൽകിയിട്ടുള്ള വെയിറ്റേജും പരിഗണിക്കപ്പെടും.

വിവിധ ഗ്രൂപ്പുകളിലേക്ക് വെയിറ്റേജിന് പരിഗണിക്കപ്പെടുന്ന വിഷയങ്ങളുടെ പട്ടിക താഴെച്ചേർക്കുന്നു.

| ഗ്രൂപ്പ് | വിഷയം | ഗ്രൂപ്പ് | വിഷയം | ഗ്രൂപ്പ് | വിഷയം |
|---|---|---|---|---|---|
| A | ഫിസിക്സ്, കെമിസ്ട്രി, ഗണിതം | B | ഫിസിക്സ്, കെമിസ്ട്രി, ബയോളജി | C & D | സോഷ്യൽ സയൻസ് |

20.2. ബോണസ് പോയിന്റിന് അർഹതയുള്ള വിഭാഗങ്ങൾ (Categories eligible for Bonus Points)

| ക്രമ നമ്പർ | വിഭാഗം | പോയിന്റ് |
|---|---|---|
| 1. | കൃത്യനിർവ്വഹണത്തിനിടയിൽ മരണമടഞ്ഞ ജവാൻമാരുടെ മക്കൾക്ക് (നിയമപരമായി അവർ ദത്തെടുത്ത മക്കൾക്കും ഈ ആനുകൂല്യത്തിനർഹതയുണ്ട്) | 5 |
| 2. | ജവാൻമാരുടേയും എക്സ് സർവ്വീസുകാരുടേയും മക്കൾക്ക്, (ആർമി/നേവി/എയർഫോഴ്സ് മുതലായവ മാത്രം) (നിയമപരമായി അവർ ദത്തെടുത്ത മക്കൾക്ക് ) | 3 |
| 3. | എൻ.സി.സി (75 ശതമാനത്തിൽ കുറയാത്ത ഹാജർ കേഡറ്റിനുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം)/ സ്കൗട് ഗൈഡ് (രാഷ്ട്രപതി പുരസ്കാർ / രാജ്യപുരസ്കാർ നേടിയവർക്ക് മാത്രം)സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾ (GO(No) 214/2012/Home dated 04/08/2012 വിവക്ഷിച്ചമാതിരി) | 2 |
| 4. | A ഗ്രേഡ് സർട്ടിഫിക്കറ്റുള്ള ലിറ്റിൽ കൈറ്റ്സ് അംഗം. | 1 |
| 5. | ഒരേ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | 2 |
| | ഒരേ താലൂക്ക് | 1 |
| 6. | ഗവ./എയ്ഡഡ് ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകളില്ലാത്ത ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് അതേ താലൂക്കിലെ മറ്റ് സ്കൂളുകളിൽ നൽകുന്ന ഗ്രേഡ്പോയിന്റ് | 2 |
| 7. | SSLC/THSLC പഠനം നടത്തിയ അതേ സ്കൂളിൽ അപേക്ഷിക്കുന്നവർ | 5 |

**കുറിപ്പ് 1: മേൽ പരാമർശിച്ച രീതിയിൽ ബോണസ് പോയിന്റിന് അർഹതയുണ്ടെങ്കിലും കണക്കാക്കുമ്പോൾ ഒരു അപേക്ഷകന് നൽകുന്ന ബോണസ് പോയിൻറ് പരമാവധി 10 ആയി നിജപ്പെടുത്തുന്നതാണ്. അതായത് വിവിധ ഇനങ്ങളിലൂടെ ഒരു അപേക്ഷകൻ പത്തോ അതിലധികമോ ബോണസ് പോയിൻറ് അവകാശപ്പെട്ടിട്ടുണ്ടെങ്കിലും ആയത് 10 ആയി നിജപ്പെടുത്തുന്നതാണ്. എൻ.സി.സി / സ്കൗട് ആൻഡ് ഗൈഡ് രാജ്യപുരസ്കാരം നേടിയവർ/ സ്റ്റുഡൻറ്സ് പോലീസ് കേഡറ്റ് / ലിറ്റിൽ കൈറ്റ്സ് A ഗ്രേഡ് ലഭിച്ചിട്ടുള്ളവർ എന്നിവയിൽ ഏതെങ്കിലും ഒരു ഇനത്തിനുള്ള ബോണസ് പോയിൻറ് മാത്രമേ അനുവദിക്കുകയുള്ളൂ.**

**കുറിപ്പ് 2: പത്താം തരത്തിൽ ഗ്രേസ് മാർക്ക് ലഭിച്ചിട്ടുള്ള അപേക്ഷകർക്ക്, എൻ.സി.സി/ സ്കൗട് ആൻഡ് ഗൈഡ് രാജ്യപുരസ ്കാരം നേടിയവർ/ സ്റ്റുഡൻറ്സ് പോലീസ് കേഡറ്റ്/ ലിറ്റിൽ കൈറ്റ്സ് A ഗ്രേഡ് ലഭിച്ചിട്ടുള്ളവർ എന്നിങ്ങനെയുള്ള ബോണസ് പോയിൻറ് അർഹത ഉണ്ടായിരിക്കുന്നതല്ല.**

20.3. ***മൈനസ് പോയിന്റ് (Minus Points):*** **ആദ്യതവണ തന്നെ യോഗ്യതാപരീക്ഷ പാസാകാത്ത അപേക്ഷകരുടെ ആകെ ഗ്രേഡ് പോയിന്റിൽ നിന്നും ചാൻസ് ഒന്നിന് ഒരു പോയിന്റ് എന്ന തരത്തിൽ കുറവ് ചെയ്യും. എന്നാൽ ആദ്യമായി എസ്.എസ്.എൽ.സി എഴുതിയ വർഷം തന്നെ സേ (SAY) പരീക്ഷ എഴുതി വിജയിച്ച് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾക്ക് മൈനസ് പോയിന്റ് ബാധകമല്ല.**

20.4. ***പോയിൻറ് നില തുല്യമായാൽ :*** **20.1, 20.2, 20.3 എന്നീ ഖണ്ഡികകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള വിവരങ്ങൾ പരിഗണിക്കുമ്പോൾ ഒന്നിലേറേ അപേക്ഷകർക്ക് തുല്യപോയിന്റ് ലഭിച്ചാൽ താഴെപ്പറയുന്ന മുൻഗണനാപ്രകാരം ടൈ ബ്രേക്ക് ചെയ്ത് അർഹത നിശ്ചയിക്കുന്നതാണ്.**

1. ഗ്രേസ് മാർക്ക് ലഭിക്കാത്ത അപേക്ഷകർ, WGPA സൂത്രവാക്യത്തിൽ ആദ്യഭാഗം കൂടുതൽ ഉള്ളത് എന്നിങ്ങനെ ക്രമത്തിൽ റാങ്കിൽ ഉൾപ്പെടുത്തുന്നതാണ്.
2. വെയിറ്റേജിന് കണക്കിലെടുത്ത വിഷയങ്ങളുടെ ഉയർന്ന TGP
3. ഇംഗ്ലീഷിന്റെ ഉയർന്ന ഗ്രേഡ്പോയിന്റ്
4. ഒന്നാം ഭാഷയുടെ ഉയർന്ന ഗ്രേഡ്പോയിന്റ്
5. തുല്യത വരുന്ന കോംബിനേഷന് അപേക്ഷകർ രേഖപ്പെടുത്തിയ മുൻഗണന
6. അപേക്ഷകന്റെ പ്രാദേശിക പശ്ചാത്തലം (അതേ സ്കൂൾ, അതേ ഗ്രാമപഞ്ചായത്ത്, ഗവ./എയ്ഡഡ് ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളില്ലാത്ത ഗ്രാമപഞ്ചായത്ത്, അതേ താലൂക്ക്, അതേ ജില്ല, എന്നിങ്ങനെയായിരിക്കും മുൻഗണനാക്രമം)

20.5. **ഇനിയും തുല്യനിലയിൽ തുടർന്നാൽ N.T.S.E, NMMSSE, USS, LSS, കലാകായിക മത്സരങ്ങൾ, സംസ്ഥാനതല പ്രവൃത്തിപരിചയമേള എന്നിവയിലെ മികവ് പട്ടികയിൽ സൂചിപ്പിക്കുന്ന മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതാണ്. ഇവയിൽ N.T.S.E, NMMSSE, USS, LSS ഒഴികെ മറ്റിനങ്ങൾക്ക് 10–ാം ക്ലാസിൽ പഠിക്കുമ്പോൾ പങ്കെടുത്തിട്ടുള്ള ഇനങ്ങളിലെ മികവ് മാത്രമാണ് പരിഗണിക്കുക.**

| | | |
|---|---|---|
| എൻ.ടി.എസ്.ഇ | എൻ.ടി.എസ്.ഇ ദേശീയ/സംസ്ഥാനതല പരീക്ഷയിൽ യോഗ്യത നേടിയവർ | |
| എൻ.എം.എം.എസ്.എസ്.ഇ, യു.എസ്.എസ്, എൽ.എസ്.എസ് | | പരീക്ഷയിൽ യോഗ്യത നേടിയവർ |
| യുവജനോത്സവം | 1. സംസ്ഥാനതല യുവജനോത്സവത്തിൽ പങ്കെടുത്തവർ *(ഗ്രേസ് മാർക്കിന് അർഹതയില്ലാത്തവർ)*<br>2. ജില്ലാതലത്തിൽ എ ഗ്രേഡ് *(സംസ്ഥാനതലത്തിൽ പങ്കെടുക്കാത്തവർ)*<br>3. ജില്ലാതലത്തിൽ ബി ഗ്രേഡ്<br>4. ജില്ലാതലത്തിൽ സി ഗ്രേഡ്<br>5. ജില്ലാതല യുവജനോത്സവത്തിൽ പങ്കെടുത്തവർ | |
| ശാസ്ത്ര - സാമൂഹ്യ ശാസ്ത്ര -ഗണിത ശാസ്ത്ര മേളകൾ, ഐ.ടിമേള, സംസ്ഥാനപ്രവൃത്തി പരിചയ മേളകൾ (വിവിധ മേളകൾക്ക് ഒരേ മുൻഗണന) *(ഗ്രേസ് മാർക്കിന് അർഹതയില്ലാത്തവർ)* | 1. എ ഗ്രേഡ്<br>2. ബി ഗ്രേഡ്<br>3. സി ഗ്രേഡ്<br>4. ഡി ഗ്രേഡ്<br>5. ഇ ഗ്രേഡ് | അതാത് ഗ്രേഡുകൾ എത്ര ഇനങ്ങൾക്ക് ലഭിച്ചു എന്നതിന് ആനുപാതികമായ പോയിന്റുകൾ ലഭിക്കും |
| കായികമത്സരങ്ങൾ | 1. സംസ്ഥാനതലത്തിൽ പങ്കെടുത്തവർ *(ഗ്രേസ്മാർക്കിനർഹതയില്ലാത്തവർ)*<br>2. ജില്ലാതലത്തിൽ **ഒന്നാംസ്ഥാനം** *(സംസ്ഥാനതലത്തിൽ പങ്കെടുക്കാത്തവർ)*<br>3. ജില്ലാതല മത്സരത്തിൽ **രണ്ടാംസ്ഥാനം**<br>4. ജില്ലാതല കായികമത്സരത്തിൽ **മൂന്നാം സ്ഥാനം**<br>5. ജില്ലാതല കായികമത്സരത്തിൽ പങ്കെടുത്തവർ | അതാത് ഗ്രേഡുകൾ എത്ര ഇനങ്ങൾക്ക് ലഭിച്ചു എന്നതിന് ആനുപാതികമായ പോയിന്റുകൾ ലഭിക്കും |
| സ്കൗട്ട് & ഗൈഡ്സ് | 1. പങ്കാളിത്തം *(രാഷ്ട്രപതി പുരസ്ക്കാർ/രാജ്യപുരസ്കാർ ലഭിക്കാത്തവർ)* | |

20.6. **വീണ്ടും തുല്യനില തുടർന്നാൽ താഴെ സൂചിപ്പിക്കുന്ന അക്കാദമികേതര പ്രവർത്തനങ്ങളിലെ മികവിന്റെ മുൻഗണനാക്രമത്തിൽ പരിഗണിച്ച് പ്രവേശന യോഗ്യത നിശ്ചയിക്കുന്നതാണ്.**

1) റെഡ്ക്രോസ് പ്രവർത്തനങ്ങൾ

2)നേച്ചർക്ലബ്ബ്/ഫോറസ്ട്രി ക്ലബ്ബ്/സയൻസ് ക്ലബ്ബ്/സോഷ്യൽ ക്ലബ്ബ്/ഡിബേറ്റിംഗ് ക്ലബ്ബ്/ഒറേറ്ററി ക്ലബ്ബ്/ഫിലാറ്റലി ക്ലബ്ബ്/ മാത്തമാറ്റിക്സ് ക്ലബ്ബ്/ഐ.ടി. ക്ലബ്ബ് മുതലായവയിലെ പ്രവർത്തനങ്ങൾ (ക്ലബ്ബുകൾക്ക് ഒരേ മുൻഗണനയായിരിക്കും)

## 21. ബാച്ചും എണ്ണവും

**ഓരോ ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളിലും ഒരു ബാച്ചിൽ 30 കുട്ടികൾക്ക് വീതമാണ് പ്രവേശനം നൽകുക. ഓരോ സ്കിൽ ബാച്ചും നിലനിൽക്കുന്നതിന് ഏറ്റവും കുറഞ്ഞത് 15 വിദ്യാർത്ഥികൾ എങ്കിലും പ്രവേശനം നേടേണ്ടതാണ്. ഈ നിബന്ധന പാലിക്കപ്പെടാത്ത ബാച്ചുകൾ അടുത്ത അദ്ധ്യയന വർഷത്തിൽ സർക്കാർ തീരുമാനത്തിന് വിധേയമായി പുനഃക്രമീകരിക്കുന്നതാണ്.**

## 22. ഫീസ് ഘടന

22.1. **ഹയർ സെക്കണ്ടറി (വൊക്കേഷണൽ) വിദ്യാർത്ഥികൾ നൽകേണ്ട ഫീസ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

GO(Rt) No. 529/14/Gl.Ed Dtd TVPM 1/2/2014, GO(Rt) No. 6910/2023/GEDN Dtd TVPM 07/11/2023

| | **ഇനങ്ങൾ** | | **ഒന്നാം വർഷം (രൂപ)** | **രണ്ടാംവർഷം (രൂപ)** |
|---|---|---|---|---|
| | അപേക്ഷാ ഫീസ് | | 25.00 | |
| പി.ഡി വിഹിതം | കോഷൻ ഡെപ്പോസിറ്റ് | | 100.00 | |
| | **സ്പെഷ്യൽ ഫീസ് -** സ്റ്റേഷനറി | 25.00 | 320.00 | 320.00 |
| | മാഗസിൻ | 25.00 | | |
| | അസ്സോസിയേഷൻ | 25 00 | | |
| | സ്പോർട്ട്സ് & ഗെയിംസ് | 75.00 | | |
| | യൂത്ത്ഫെസ്റ്റിവൽ | 50.00 | | |
| | വിഷൽ ഏജ്യുക്കേഷൻ | 30.00 | | |
| | കലണ്ടർ | 25.00 | | |
| | എക്സ്പോ | 50.00 | | |
| | ഇന്റേണൽ എക്സാമിനേഷൻ ഫീസ് | 15.00 | | |
| | അഡീഷണൽ സ്പെഷ്യൽ ഫീസ് (കമ്പ്യൂട്ടർ കോഴ്സുകൾക്കുമാത്രം) | | 100.00 | 100.00 |
| റവന്യൂ | ലൈബ്രറി ഫീസ് | 25.00 | 100.00 | 100.00 |
| | മെഡിക്കൽ ഫീസ് | 25.00 | | |
| | ലബോറട്ടറി ഫീസ് | 50.00 | | |
| | അഡ്മിഷൻ ഫീസ് | | 50.00 | |

22.2. *ഫീസ് ഇളവ്:* കേരള സംസ്ഥാനത്തിലെ സ്ഥിരതാമസക്കാരായ പട്ടികജാതി/പട്ടികവർഗ്ഗ (SC/ST) വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി, ബന്ധപ്പെട്ട തഹസീൽദാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫീസിളവിന് അർഹത ഉണ്ടായിരിക്കും.

22.3. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ പരിധിയിൽവരുന്ന വിദ്യാർത്ഥികൾക്കും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ഫീസിളവിന് അർഹത ഉണ്ടായിരിക്കും. എന്നാൽ ഇപ്രകാരം ഫീസിളവ് ലഭിക്കുന്നതിന് അവർ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നോ മറ്റ് ഉയർന്ന റവന്യു ഉദ്യോഗസ്ഥരിൽനിന്നോ ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റും, ജാതി സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

22.4. ഫിഷർമെൻ വിഭാഗത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഫീസിളവിന് അർഹത ഉണ്ടായിരിക്കും. (സ.ഉ (എം.എസ്.) നമ്പർ 47/14/മ.തു.വ തീയതി 2014 ജൂൺ 9 നുള്ള സർക്കാർ ഉത്തരവ് പ്രകാരമുള്ള പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 17)

22.5. ഫീസ്, പി.ടി.എ.ഫണ്ട് : ഫീസ്, പി.റ്റി.എ ഫണ്ട് എന്നീ ഇനങ്ങളിൽ നൽകുന്ന തുകയ്ക്ക് രസീത് കൈപ്പറ്റേണ്ടതാണ്. പി.റ്റി.എ. ഫണ്ട് പിരിവ്, പി.റ്റി.എ. പ്രവർത്തനങ്ങൾ എന്നിവ ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവിന് വിധേയമായിരിക്കും. സ.ഉ (കയ്യെഴുത്ത്) നമ്പർ 126/2007/പൊ.വി.വ തീയതി 25/05/2007.

ഈ ഉത്തരവനുസരിച്ച് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ അംഗത്വം എല്ലാ രക്ഷിതാക്കൾക്കും വർഷം തോറും നിർബന്ധമാണ്. അംഗത്വഫീസ് 100 രൂപയാണ്. പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ (ഉത്തരവിലെ നിർദ്ദേശം കാണുക) എന്നീ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് അംഗത്വഫീസ് നിർബന്ധമില്ല. മേൽപറഞ്ഞിട്ടുള്ള അംഗത്വ ഫീസും സർക്കാർ നിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫീസും അല്ലാതെ മറ്റൊരു ഫീസും ഒടുക്കുവാൻ രക്ഷിതാക്കൾ ബാദ്ധ്യസ്ഥരല്ലെന്നും അവരെ അതിന് നിർബന്ധിക്കാൻ പാടില്ലെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

മുൻ വർഷത്തെ മൂന്നാം ടേമിലെ പി.ടി.എ ജനറൽ ബോഡി യോഗം തീരുമാനിക്കുകയാണെങ്കിൽ സ്കൂളിലെ നടപ്പ് അക്കാദമിക വർഷത്തെ പ്രത്യേകം നിർവചിക്കപ്പെട്ടിട്ടുള്ള അക്കാദമിക് ആവശ്യങ്ങൾക്കായി ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളിൽ പരമാവധി 400 രൂപ വിദ്യാർത്ഥി / രക്ഷിതാവിൽ നിന്ന് ഫണ്ട് ശേഖരിക്കാവുന്നതാണ്. ഒരു രക്ഷിതാവിനേയും ടി തുക കൊടുക്കുവാൻ നിർബന്ധിക്കുകയോ പ്രസ്തുത തുക കൊടുക്കാത്ത രക്ഷിതാവിന്റെ മകൾക്ക് / മകന് സ്കൂൾ പ്രവേശനം നിഷേധിക്കുകയോ ചെയ്യാൻ പാടില്ല. ഇക്കാര്യം ഉറപ്പാക്കേണ്ട ചുമതല പ്രിൻസിപ്പലിനാണ്.

400 രൂപ നിരക്കിൽ പി.ടി.എ ഫണ്ട് കൊടുക്കുവാൻ ഏതെങ്കിലും രക്ഷിതാവിനെ നിർബന്ധിച്ചതായോ ടി തുക നൽകിയില്ലെങ്കിൽ പ്രവേശനം നിഷേധിക്കുമെന്ന് ഭീഷണിപ്പെടുത്തിയതായോ പരാതി ഉണ്ടാകാതിരിക്കാൻ പ്രിൻസിപ്പൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രസ്തുത ഫീസുകളേക്കാൾ ഉയർന്ന നിരക്കിൽ ഫീസ് ഈടാക്കുകയോ, സ്കൂൾ ഡെവലപ്മെന്റ് ഫണ്ട് , മറ്റിനങ്ങൾ എന്നിങ്ങനെ അനധികൃതമായി പിരിവ് നടത്തുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം സ്കൂൾ അധികാരികൾക്കെതിരെ കർശനമായ നടപടി കൈക്കൊള്ളുന്നതായിരിക്കും .

സ്കൂൾ ഫീസ്, പി.ടി.എ ഫണ്ട് തുടങ്ങിയവ അടച്ചുകഴിഞ്ഞാൽ സ്കൂളധികൃതരിൽ നിന്നും രസീതുകൾ ചോദിച്ചു വാങ്ങേണ്ടതാണ്. പി.ടി.എ ഫണ്ട് നൽകിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങളും തുകയും സ്കൂൾ നോട്ടീസ് ബോർഡിൽ പ്രിൻസിപ്പൽ പ്രദർശിപ്പിക്കേണ്ടതാണ്.

## 23. അച്ചടക്കം

23.1. സ്കൂളിന്റെ സമാധാനപരമായ പ്രവർത്തനത്തിന് ഭംഗം വരുത്തുന്ന ഒരു നടപടിയിലും വിദ്യാർത്ഥികൾ പങ്കെടുക്കുവാൻ പാടുള്ളതല്ല. സ്കൂളിന്റെ മാതൃകാപരമായ പ്രവർത്തനത്തിനായി സ്കൂൾ അധികാരികളും വകുപ്പും പുറപ്പെടുവിക്കുന്ന അച്ചടക്കം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വിദ്യാർത്ഥികൾ പാലിക്കേണ്ടതാണ്.

## 24. സാമ്പത്തികസഹായം/സ്കോളർഷിപ്പ്

24.1. എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ലഭ്യമാക്കുന്നതാണ്.

24.2. *ബി.പി.എൽ. സ്കോളർഷിപ്പ് :* ഒന്നാം വർഷവും രണ്ടാം വർഷവും പഠിക്കുന്ന ഹയർസെക്കണ്ടറി (വൊക്കേഷണൽ) വിദ്യാർത്ഥികൾക്ക് (ആകെ 1000 പേർക്ക്) ഒരു വർഷം 5000 രൂപ നിരക്കിൽ മെരിറ്റ്–കം–മീൻസ് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

24.3. *ശാരീരികവൈകല്യമുള്ള കുട്ടികൾക്ക്* സാമൂഹ്യക്ഷേമവകുപ്പിന്റെ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും.

## 25. പുനഃപ്രവേശനം (Re-admission)

തുടർച്ചയായി 15 പ്രവൃത്തിദിവസങ്ങൾ ഒരു വിദ്യാർത്ഥി സ്കൂളിൽ ഹാജരാകാതിരുന്നാൽ ആ വിദ്യാർത്ഥിയെ നിയമപ്രകാരം സ്കൂൾരേഖകളിൽ നിന്നും നീക്കം ചെയ്യുന്നതാണ്. എന്നാൽ 50 രൂപ പുനഃപ്രവേശന ഫീസായി അടച്ച ചെല്ലാൻ വിദ്യാർത്ഥിയിൽ നിന്നും സ്വീകരിച്ച്, മേഖലാ അസി. ഡയറക്ടറുടെ അനുമതിയോടെ, വിദ്യാർത്ഥിക്ക് പുനഃപ്രവേശനം നൽകാവുന്നതാണ്.

## 26. പൊതുപരീക്ഷ

26.1. പരീക്ഷകൾ കണ്ടിന്യുവസ് ഇവാലുവേഷൻ ആന്റ് ഗ്രേഡിംഗ് (എൻ.എസ്.ക്യു.എഫ്) സ്കീമിലാണ് നടത്തപ്പെടുന്നത്.

26.2. ഒന്നാം വർഷ സ്കോറുകളും രണ്ടാം വർഷ സ്കോറുകളും ചേർത്താണ് അന്തിമ സ്കോർ നിശ്ചയിക്കുന്നത്. **വൊക്കേഷണൽ നിപുണത മൂല്യനിർണ്ണയത്തിന്** (Skill Evaluation) മിനിമം യോഗ്യത നേടിയിരിക്കേണ്ടതാണ്.

26.3. രണ്ട് വർഷ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്കുമാത്രമേ സ്കിൽ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

26.4.വിദ്യാർത്ഥി പ്രവേശനം നേടുന്ന തീയതി മുതലുള്ള ഹാജർ പരീക്ഷാ രജിസ്ട്രേഷനു വേണ്ടി കണക്കാക്കുന്നതാണ്. പരീക്ഷ എഴുതുന്നതിനുള്ള ഏറ്റവും കുറഞ്ഞ ഹാജർ 80% ആണ്. 30% വരെ ഹാജർ കുറവുള്ളവർക്ക് പരീക്ഷ എഴുതുന്നതിനുള്ള ഇളവ് നൽകുന്നതിലേയ്കായി ”0202-01-102-93 VHSE Fees” എന്ന ശീർഷകത്തിൽ 50 രൂപ ഫീസൊടുക്കി മതിയായ രേഖകൾ സഹിതം അതാത് റീജണൽ അസിസ്റ്റന്റ് ഡയറക്ടർക്ക് അപേക്ഷ നനൽകേണ്ടതും ആയതിലെ തീരുമാനമനുസരിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതുമാണ്.

26.5. സെക്ടർ സ്കിൽ കൗൺസിൽ മുഖാന്തിരം വിദ്യാർത്ഥികൾക്കായി നടത്തുന്ന Skill Assessment ലേക്കായി 200/- രൂപ വിദ്യാർത്ഥികളുടെ പക്കൽ നിന്നും ശേഖരിക്കുന്നതാണ്.

26.6. കാലാവധി കഴിഞ്ഞ ജോബ് റോളുകൾക്ക് Skill Assessment SSC നടത്താത്ത പക്ഷം അത്തരം ജോബ് റോളുകൾക്ക് രജിസ്റ്റർ ചെയ്യുന്ന പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് വി.എച്ച്.എസ്.ഇ പരീക്ഷാ ബോർഡ് / NCVET അംഗീകാരം ഉള്ള ഏജൻസി മുഖാന്തിരം Skill Assessment നടത്തി വി.എച്ച്.എസ്.ഇ പരീക്ഷാ ബോർഡിന്റെ Skill Certificate നൽകുന്നതാണ്.

## 27. വിഭിന്നശേഷിയുള്ളവർക്കുള്ള ഇളവുകൾ (Differently Abled)

27.1. അന്ധർ, ബധിരർ, മൂകർ, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ, ബുദ്ധിമാന്ദ്യമുള്ളവർ, പഠന വൈകല്യമുള്ളവർ എന്നീ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക്, വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുപരീക്ഷയ്ക്ക് നിയമപ്രകാരമുള്ള ഇളവുകൾക്ക് അർഹതയുണ്ടായിരിക്കും.

## 28. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

28.1. *ഓൺ ദ ജോബ് ട്രെയിനിംഗ് :* വിദ്യാർത്ഥികൾക്ക് പഠിക്കുന്ന തൊഴിലിനോട് ആഭിമുഖ്യം വളർത്തുന്നതിനും തൊഴിൽ സ്ഥാപനങ്ങളിലെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനവസരമൊരുക്കുന്നതിനും ഉതകുന്ന

പരിശീലന പരിപാടിയാണ് ഓൺ ദ ജോബ് ട്രെയിനിംഗ്. ഓരോ വിദ്യാർത്ഥിയും പഠിക്കുന്ന കോഴ്സുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പരീശീലനം നേടുന്നു. പഠനകാലയളവിൽ വിദ്യാർഥികൾ നിശ്ചിത കാലയളവിൽ ഓൺ ദ ജോബ് പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

28.2. *സ്കിൽ എക്സ്പോ (Skill Expo):* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കൂടുതൽ പ്രചാരം നൽകുന്നതിനും സമൂഹത്തിലേക്ക് ഇത് സംബന്ധിച്ച അറിവ് എത്തിക്കുന്നതിനും സ്കൂൾതലത്തിലും മേഖലാ, സംസ്ഥാനതലങ്ങളിലും സ്കിൽ എക്സ്പോകൾ നടത്തുന്നതാണ്.

28.3. *നാഷണൽ സർവ്വീസ് സ്കീം (NSS) :* വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനത്തിനും, സേവനമനോഭാവം വളർത്തുന്നതിനുമായി നാഷണൽ സർവ്വീസ് സ്കീമിന്റെ ഭാഗമാകാൻ അവസരം ലഭിക്കുന്നതാണ്.

28.4. *കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ (CGCC):* വിദ്യാർത്ഥികളിൽ തൊഴിലവസരങ്ങളെക്കുറിച്ചും തുടർ പഠന സാധ്യതകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനും മാനസികമായി സുസജ്ജരാക്കുന്നതിനും വേണ്ടി എല്ലാ ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകളിലും CGCC പ്രവർത്തിച്ചുവരുന്നു.

## 29. ഭരണസംവിധാനം

സംസ്ഥാനത്തൊട്ടാകെയുള്ള ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഭരണപരമായ നിയന്ത്രണത്തിലാണ്. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിനു പുറമെ ഏഴ് ഹയർസെക്കണ്ടറി (വൊക്കേഷണൽ) മേഖലാകാര്യാലയങ്ങളും സ്കൂളുകളുടെ ഭരണ നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുന്നു.

## 30. മറ്റ് വിവരങ്ങൾ

30.1. ഈ വകുപ്പിലെ ഒന്നാംവർഷവിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പ്, പ്രവേശനം എന്നിവ സംബന്ധിച്ച എല്ലാ തർക്കങ്ങളും ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ അധികാരപരിധിയ്ക്കുള്ളിലായിരിക്കും.

30.2. പ്രോസ്പെക്ടസിൽ പ്രത്യേകം പരാമർശിക്കാത്ത വിഷയങ്ങളിൽ അന്തിമതീരുമാനം പൊതുവിദ്യാഭ്യാസ ഡയറക്ടറുടേതായിരിക്കും.

തിരുവനന്തപുരം
തീയതി: 09-05-2025

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
പൊതുവിദ്യാഭ്യാസ വകുപ്പ്